Draft #2 of File 65244/EA 2-2/2020/CE SECT Approved by ASSISTANT REGISTRAR XI (EXAM) on 17-Nov-2020 08:06 PM - Page 1

YEARS OF
CELEBRATING
THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല പരീക്ഷകൾ- മുടങ്ങിക്കിടക്കുന്ന വിവിധ യു. ജി / പി. ജി പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്-സർവ്വകലാശാലയോടു അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ് / എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുമായി 30.10.2020 തീയതിയിൽ നടത്തിയ ഓൺലൈൻ യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5475/EA 2/2020/എം.ജി.യു      പ്രിയദർശിനി ഹിൽസ്,തീയതി: 18.11.2020

---

*പരാമർശം:*-സർവ്വകലാശാലയോടു അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ് / എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുമായി 30.10.2020 തീയതിയിൽ നടത്തിയ ഓൺലൈൻ യോഗത്തിന്റെ നടപടി രേഖ .

**ഉത്തരവ്**

സർവ്വകലാശാലയോടു അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ് / എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുമായി 30.10.2020 തീയതിയിൽ രാവിലെ 11 .30 -നും,ഉച്ചയ്ക്ക് 2.00 മണിയ്ക്കും ഓൺലൈൻ മുഖാന്തിരം നടത്തിയ യോഗം, മുടങ്ങിക്കിടക്കുന്ന വിവിധ യു. ജി / പി. ജി പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

1. കോവിഡ് -19 കാരണം സ്വന്തം സ്ഥലങ്ങളിലേക്ക് പോയിട്ടുള്ള, കേരളത്തിനു പുറമേയുള്ള വിദ്യാർത്ഥികൾക്ക് തിരികെ വന്ന് പരീക്ഷ എഴുതുവാനുള്ള സൗകര്യത്തിനു വേണ്ടി പരീക്ഷകളുടെ വിജ്ഞാപനം, നേരത്തേ തന്നെ പുറപ്പെടുവിക്കേണ്ടതാണ്.

2. കോളേജുകളിൽ നിന്നും വിവിധ പരീക്ഷകളുടെ ഇന്റേണൽ മാർക്കുകൾ അപ്‌ലോഡ് ചെയ്യുവാനുള്ള അവസാന തീയതി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

3. 15.11.2020 തീയതിക്കുള്ളിൽ വിവിധ കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ നടത്തേണ്ടതും , ആയത് സാധിക്കാത്ത പക്ഷം സർവ്വകലാശാലയെ വിവരം അറിയിക്കേണ്ടതുമാണ്.

4. ബി. എഡ് പരീക്ഷകൾ 2020 ഡിസംബർ ആദ്യ ആഴ്ച്ച തന്നെ നടത്തേണ്ടതാണ്.

5. കോവിഡ്-19 First Line Treatment Centers , Quarantine Centers മറ്റും ആയിട്ടുള്ള കോളേജുകൾ അവരുടെ തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ബന്ധപ്പെട്ട് അടുത്തുള്ള സ്കൂളുകളെ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6. 2020 നവംബർ 20-നും 30-നും ഉള്ളിൽ വിവിധ പരീക്ഷകൾ തുടങ്ങേണ്ടതാണ്.

7. കോവിഡ് - 19 പോസിറ്റീവ് ആയിട്ടുള്ള വിദ്യാർത്ഥികൾ, ക്വാറന്റൈൻ ആയിട്ടുള്ള വിദ്യാർത്ഥികൾ എന്നിവരെ പരീക്ഷയ്ക്കിരുത്തുവാൻ അതത് കോളേജ് അധികൃതർ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ നിർദേശമനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ സർവ്വകലാശാലയുമായി ബന്ധപ്പെടാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ
2. ഡോ. ബി .കേരള വർമ്മ , സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ
3. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പി. എസ് -മാർ
4. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ-മാർ
5. സി.ഇ സെക്ഷൻ / എല്ലാ ടാബുലേഷൻ സെക്ഷനുകൾ
6. ജെ .ആർ /ഡി.ആർ / എ .ആർ (എക്സാം)
7. ഇ .എ I / ഇ. ബി / എ.സി .സി I സെക്ഷനുകൾ
8 .ഐ.ക്യു.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ
9.സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഫയൽ നമ്പർ 65244/EA-2-2/2020/CE SECT

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 65244/EA 2-2/2020/CE SECT Approved by ASSISTANT REGISTRAR XI (EXAM) on 17-Nov-2020 08:06 PM - Page 2